**തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ നടപടിക്രമം**

(ഹാജർ : Seeram Sambasiva Rao IAS)

സംഗ്രഹം

വിഷയം : തദ്ദേശസ്വയംഭരണ വകുപ്പ്- പ്രിൻസിപ്പൽ ഡയറക്ടറേറ്റ്– ജീവനക്കാര്യം -മുൻ പഞ്ചായത്ത് വകുപ്പിലെ ക്ലർക്ക് ശ്രീ. സരോജാക്ഷൻ പിള്ള-യെ ക്ലർക്ക് തസ്തികയുടെ സീനിയോറിറ്റി പട്ടികയിൽ ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു .

**ഉത്തരവ് നമ്പർ . LSGD/PD/10248/2024-GEA3 തീയതി:07-09-2024**

പരാമർശം:

1) കൊല്ലം ജില്ലാ ജോയിന്റ് ഡയറക്ടറുടെ 07.02.2024 തീയതിയിലെ /LSGD/JD/KLM/1077/2024-A3 നമ്പർ കത്ത്.

2) പഞ്ചായത്ത് ഡയറക്ടറുടെ 17.01.2020 ലെ PAN/20015/2018/E6 (DP) നമ്പർ ഉത്തരവ്.

3) തദ്ദേശ സ്വയം ഭരണ വകുപ്പ് കൊല്ലം ജില്ലാ ഡെപ്യൂട്ടി ഡയറക്ടറുടെ 12.06.2024 തീയതിയിലെ LSGD/JD/KLM/2721/2024-A3 നമ്പർ ഉത്തരവ്.

4) 11.07.2024-ലെ ഇതേ നമ്പർ നോട്ടീസ്.

**ഉത്തരവ്**

കൊല്ലം ജില്ലയിലെ കിഴക്കേകല്ലട ഗ്രാമ പഞ്ചായത്തിൽ ക്ലർക്ക് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ.സരോജാക്ഷൻ പിള്ള, പഞ്ചായത്ത് വകുപ്പിൽ ബൈട്രാൻസ്ഫർ നിയമനം മുഖേന 25.10.2018 - ൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിന്നും ക്ലർക്ക് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം ലഭിച്ച ജീവനക്കാരനാണ്. പഞ്ചായത്ത് വകുപ്പിൽ 01.01.2014 മുതൽ 31.12.2018 വരെ ക്ലർക്ക് തസ്തികയിൽ നിയമനം ലഭിച്ചവരുടെ പരാമർശം (2) പ്രകാരമുള്ള സംസ്ഥാന തല സീനിയോറിറ്റി പട്ടികയിൽ ശ്രീ.സരോജാക്ഷൻ പിള്ളയുടെ പേര് ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ സീനിയോറിറ്റി പട്ടികയിൽ ഉൾപ്പെടുത്തുന്നതിനായി പരാമർശം (1) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു.

പരാമർശം (3) പ്രകാരം ശ്രീ. സരോജാക്ഷൻപിള്ളയെ ക്ലർക്കുമാരുടെ ജില്ലാതല സീനിയോറിറ്റി പട്ടികയിൽ ക്രമ നം. 196 A ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. ജില്ലാതല സീനിയോറിറ്റി ക്രമത്തിനനുസൃതമായി ശ്രീ.സരോജാക്ഷൻപിള്ളയെ ടിയാളുടെ ക്ലർക്ക് തസ്തികയിലേയ്ക്കുള്ള സ്ഥാനക്കയറ്റ ഉത്തരവ് തീയതി (25.10.2018) അടിസ്ഥാനമാക്കി പരാമർശം (2) പ്രകാരമുള്ള

ക്ലർക്കുമാരുടെ സംസ്ഥാന തല സീനിയോറിറ്റി പട്ടികയിൽ ക്രമ നം. 2683 ശ്രീമതി.സി.എം ലക്ഷ്മിക്കും ക്രമ നം. 2684 ശ്രീ.അനൂപ്.എസ് നും മദ്ധ്യേ 2683 A ആയി താൽക്കാലികമായി ഉൾപ്പെടുത്തി പരാമർശം(4) പ്രകാരം നോട്ടീസ് പ്രസിദ്ധീകരിച്ചിരുന്നു. നോട്ടിസിന്മേൽ ആക്ഷേപങ്ങളൊന്നും തന്നെ ലഭിച്ചിട്ടില്ല.

മേൽ സാഹചര്യത്തിൽ ശ്രീ. സരോജാക്ഷൻപിള്ളയെ പരാമർശം(2) പ്രകാരമുള്ള പഞ്ചായത്ത് വകുപ്പിലെ ക്ലർക്കുമാരുടെ 01.01.2014 മുതൽ 31.12.2018 വരെയുള്ള അന്തിമ സീനിയോറിറ്റിപട്ടികയിൽ ക്രമനം.2683 A ആയി ഉൾപ്പെടുത്തി സീനിയോരിറ്റി പട്ടിക പുന:ക്രമീകരിച്ചും അപ്രകാരം ഭേദഗതി ചെയ്യും ഉത്തരവാകുന്നു.

Seeram Sambasiva Rao IAS
PRINCIPAL DIRECTOR

പകർപ്പ് :

1. ജില്ലാ ജോയിൻറ് ഡയറക്ടർമാർ
2. ശ്രീ. സരോജാക്ഷൻപിള്ള ( കൊല്ലം ജില്ലാ ജോയിൻറ് ഡയറക്ടർ മുഖേന)
3. പ്രിൻസിപ്പൽ ഡയറക്ടറേറ്റിലെ DEC-സെക്ഷൻ
4. സിസ്റ്റം മാനേജർ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
5. കരുതൽ /അധികം